I/51620/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**പത്രക്കുറിപ്പ്**

**പി.ജി.ദന്തൽ കോഴ്സുകളിലേക്കുള്ള പ്രവേശനം- 2023**

**മൂന്നാം ഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു**

സംസ്ഥാനത്തെ വിവിധ സർക്കാർ ദന്തൽ കോളേജുകളിലേയും സ്വാശ്രയ ദന്തൽ കോളേജുകളിലെയും 2023 വർഷത്തെ ബിരുദാനന്തര ബിരുദ ദന്തൽ മൂന്നാം ഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ **10.10.2023 വൈകുന്നേരം 4.00 മണിക്ക്** മുമ്പായി അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതുമാണ്. നിശ്ചിത തീയതിയ്ക്കകം ഫീസ് ഒടുക്കി കേളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ ലഭിച്ച അലോട്ട്മെന്റ് നഷ്ടമാകുന്നതാണ്. അലോട്ട്മെന്റിലൂടെ ലഭിച്ച അഡ്മിഷന് യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല. അലോട്ട്മെന്റിനുശേഷം സീറ്റുകൾ നഷ്ടമാക്കുന്ന വിദ്യാർത്ഥികൾ പി.ജി. ഡെന്റൽ കോഴ്സ്-2023 പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കുന്നതിന് ബാധ്യസ്ഥരായിരിക്കും.

വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
08-10-2023

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**

Signed by
Shabu S J
Date: 08-10-2023 16:24:47